# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 10/2021
# 27.02.2022 എ.കെ.ജി.സി.ടി. ഭവൻ

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. ജില്ലാറിപ്പോർട്ടിങ്
4. സംസ്ഥാന സമ്മേളനം
5. ദേശീയ പണിമുടക്ക്
6. സ്പെഷ്യൽ റൂൾസ്

**ഹാജർ**

ഡോ. എൻ. മനോജ് , ഡോ. എം. സത്യൻ , ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. രാജേഷ്കുമാർ പി ., ഡോ. വിനു ഭാസ്ക്കർ , സന്തോഷ് ടി . വർഗീസ് , രഘുദാസ് പി. വി., ശശി സി. ടി. , ഡോ. സുനിൽ വി. ടി. , ഡോ. പ്രിൻസ് പി . ആർ ., സൗമ്യ എസ്, ഡോ. മാണിക്യരാജ് കെ., ഡോ. എം . എ. അസ്കർ , ഡോ. സുനിത എ. പി. , ഡോ. ഷാനവാസ് പി. എച്ച് , ഡോ. സഞ്ചയ്കുമാർ എസ് ., ഡോ. ബി. അശോക്, സജിത്ത് കുമാർ പി ., രജിത സി. ആർ., ഡോ. എ . ബാലകൃഷ്ണൻ, ഡോ. പ്രദീപ് കുമാർ, ഡോ. അനൂപ് ജെ . ആലക്കപ്പള്ളി , ആൽബർട്ട് ആന്റണി, അബ്ദുൾ റഷീദ്, ഡോ. ദിനേശ് പി. കെ., സോബിൻ വർഗീസ് എം. വി., മഞ്ജുള കെ. വി., ആസിഫ് ഇക്ബാൽ കാക്കശ്ശേരി, അലിക്കുട്ടി സി., ഡോ. റോസ്നികസ് പി. കെ., ഡോ. വിഷ്ണു വി.എസ് ., ഡോ. സുമിജോയി ഒലിയപ്പുറം , ഡോ. ആനന്ദ് ദിലീപ് രാജ് , ജയരാജ് ജെ ., ഡോ. ഷജില ബീവി , ഡോ. റിജുലാൽ ജി . ഡോ. ചന്ദ്രമോഹൻ കെ. ടി ., രാജു. എം. സി., ഡോ. പ്രകാശൻ പി. പി.

രാവിലെ 10.00ന് എ.കെ.ജി.സി.ടി. ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. എൻ. മനോജ് ആധ്യക്ഷ്യം വഹിച്ചു. ജനറൽ സെക്രട്ടറി ഡോ. എം. സത്യൻ റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാനട്രഷറർ ഡോ. മുഹമ്മദ് റഫീഖ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

മുൻ എം.എൽ.എ.യും മുസ്ലിംലീഗ് നേതാവുമായ യൂനിസ് കുഞ്ഞു, ഇന്ത്യയുടെ വാനമ്പാടി പ്രശസ്ത ഗായിക ലത മങ്കേഷ്കർ, പ്രമുഖ ചരിത്രകാരൻ എം. ഗംഗാധരൻ, മുൻ ഇന്ത്യൻ വോളി ബോൾ തരാം വി.സി. ജോൺ, വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡണ്ട് ടി.നസറുദ്ദീൻ, ചലച്ചിത്രനടൻ കോട്ടയം പ്രദീപ്, പ്രസിദ്ധ സംഗീതജ്ഞൻ ബപ്പി ലാഹിരി, പാലക്കാട് വിക്ടോറിയ കോളേജ് മുൻ പ്രൊഫസറും എ.കെ.ജി.സി.ടി. പ്രവർത്തകനുമായിരുന്ന കെ.ഇ. ജോബ്, യൂണിവേഴ്സിറ്റി കോളേജ് മുൻ അധ്യാപകനും എ.കെ.ജി.സി.ടി. പ്രവർത്തകനുമായിരുന്ന ജേക്കബ് രാജ്, ആർ.എസ് എസ് കാർ അരുംകൊല ചെയ്ത സി.പി.ഐ.(എം) പ്രവർത്തകൻ ഹരിദാസൻ, ചലച്ചിത്ര നാടക നടി കെ.പി.എ.സി. ലളിത, കോവിഡ് മഹാമാരിയിൽ അകപ്പെട്ട് നമ്മെ വിട്ടുപിരിഞ്ഞ അനേകായിരം മനുഷ്യർ, ആരോഗ്യപ്രവർത്തകർ തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ, കഴിഞ്ഞ നാലു വർഷമായി സർക്കാർ കോളേജുകളിൽ പ്രിൻസിപ്പാൾ നിയമനം പ്രതിസന്ധിയിലാണ്. ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണ്. സംഘടന ആവശ്യപ്പെട്ടപ്രകാരം സീനിയോറിറ്റിയും മെറിറ്റും അംഗീകരിച്ചുകൊണ്ട് പ്രിൻസിപ്പൽ നിയമനം നടത്താനുള്ള നടപടികൾ മുന്നോട്ട് പോവുകയും 28.01.2022ന് അപേക്ഷ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. എത്രയും വേഗം സീനിയോറിറ്റിയും, ഏഴാം യു.ജി.സി. റെഗുലേഷനിൽ അനുശാസിക്കുന്ന യോഗ്യതകളും അനുസരിച്ചുള്ള പ്രിൻസിപ്പാൾ നിയമനം നടക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് 116 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

കഴിഞ്ഞ ഇടതുപക്ഷസർക്കാരിന്റെ കാലത്ത് കോളേജ് അധ്യാപകർക്ക് അനുവദിച്ച പ്രൊഫസർഷിപ്പിന്റെ അപേക്ഷകൾ വിദഗ്ധസമിതി പരിശോധിച്ച് മാർച്ച് 14 മുതൽ 18 വരെ ഇന്റർവ്യൂ നടത്തി പ്രൊഫസർഷിപ്പ് അനുവദിക്കാനുള്ള നീക്കങ്ങൾ നടന്നുവരുന്നു.

പൊതുഭരണവുകുപ്പ് 2018ൽ പുറത്തിറക്കിയ സ്ഥലംമാറ്റമാനദണ്ഡങ്ങൾക്ക് വിധേയമായി കോളേജ് വിദ്യാഭ്യാസവകുപ്പിന്റെ നിലവിലുള്ള ട്രാൻസ്ഫർ നോംസ് പുതുക്കി അംഗീകാരം നേടാൻ സാധിച്ചിട്ടില്ല. ആയതിനാൽ ഈ വർഷത്തെ പൊതുസ്ഥലംമാറ്റം മുൻകാലങ്ങളിൽ നടന്നപോലെത്തന്നെ നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രിക്ക് സംഘടന കത്ത് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എത്രയും വേഗംതന്നെ ട്രാൻസ്ഫർ ക്ഷണിച്ചുകൊണ്ടുള്ള സർക്കുലർ പുറത്തിറങ്ങുമെന്നാണ് നമ്മുടെ പ്രതീക്ഷ.

ഡി.എ. അരിയർ സംബന്ധിച്ച് പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. നിലവിലുള്ള സാമ്പത്തിക പ്രതിസന്ധികാരണം ഇത് ഏപ്രിൽ മാസത്തോടുകൂടി മാത്രമേ നമുക്ക് അനുഭവവേദ്യമാകു. ഇതിന് വേണ്ട ഇടപെടൽ സംഘടന നടത്തിവരുന്നു.

ബി ഒപ്ഷൻ ലഭിക്കാത്തത് ഈ മേഖലയിലെ മറ്റൊരു പ്രശ്നമാണ്. ഈ ഫയൽ നിലവിൽ ധനകാര്യവകുപ്പിൽ നിന്നും ഉന്നതവിദ്യാഭ്യാസവകുപ്പിൽ എത്തിയിട്ടുണ്ട്. വകുപ്പ് അണ്ടർസെക്രട്ടറി ഇലക്ഷൻ ഡ്യൂട്ടിക്ക് പോയതിനാലാണ് ഫയൽ ഉദേശിച്ചത്പോലെ നീങ്ങാത്തത്. ഈ വിഷയം മന്ത്രിയുടെയും, പ്രിൻസിപ്പൽ സെക്രട്ടറിയുടെയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. രണ്ടാഴ്ചക്കകം ഉത്തരവ് ഇറങ്ങും.

സമയബന്ധിതമായി നമുക്ക് ജില്ലാ സമ്മേളനങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. 2022 മാർച്ച് 19, 20 തീയതികളിൽ കോഴിക്കോട് വച്ച് നടക്കുന്ന സംസ്ഥാന സമ്മേളനത്തിന്റെ അജണ്ടകൾ ചർച്ച ചെയ്ത് തീരുമാനം എടുക്കണം.

2022 മാർച്ച് 28, 29 തീയതികളിൽ നടക്കുന്ന ദേശീയപണിമുടക്ക് വിജയിപ്പിക്കേണ്ടചുമതല നമുക്കുണ്ട്.

കഴിഞ്ഞ 24 വർഷമായി സ്പെഷ്യൽ റൂൾസ് ഭേദഗതിചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് ഒരു ചർച്ച ഫെബ്രുവരി 28ന് ഉന്നതവിദ്യാഭ്യാസവകുപ്പ് വിളിച്ചു ചേർത്തിട്ടുണ്ട്. അതിൽ നമ്മൾ സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് ഇന്ന് ചർച്ചചെയ്ത് തീരുമാനിക്കേണ്ടതുണ്ട്.

ജനറൽസെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാസെക്രട്ടറിമാർ ജില്ലാറിപ്പോർട്ടിംഗ് നടത്തി. ജനറൽസെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിൻമേലും മറ്റു വിഷയങ്ങളിലും സംസ്ഥാനപ്രവർത്തകസമിതിഅംഗങ്ങൾ വിശദമായ ചർച്ച നടത്തി. തുടർന്ന് ഓരോ അജണ്ടയും വിശദമായി ചർച്ച ചെയ്ത് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. മാർച്ച് 28 29 തീയതികളിൽ നടക്കുന്ന ദേശീയപണിമുടക്കിൽ സജീവമായി പങ്കെടുങ്കെടുത്ത് വിജയിപ്പിക്കുവാൻ തീരുമാനിച്ചു.
2. സ്പെഷ്യൽ റൂൾസ് ഭേദഗതി സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസവകുപ്പ് ഫെബ്രുവരി 28ന് വിളിച്ചു ചേർത്തിരിക്കുന്ന യോഗത്തിൽ പങ്കെടുത്ത് നിലപാട് അറിയിക്കുവാനും വിശദമായ ചർച്ചകൾക്ക് സമയം ആവശ്യപ്പെടുവാനും തീരുമാനിച്ചു.
3. പ്രിൻസിപ്പാൾ നിയമനം, പ്രൊഫസർഷിപ്പ് എന്നിവ എത്രയും വേഗം പൂർത്തീകരിക്കാൻ വേണ്ട ഇടപെടൽ നടത്താൻ തീരുമാനിച്ചു.
4. വനിതാദിനവുമായി ബന്ധപ്പെട്ട് മാർച്ച് 8ന് വനിതാസബ്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എല്ലാ യൂണിറ്റുകളിലും പരിപാടികൾ നടത്താൻ തീരുമാനിച്ചു.
5. മാർച്ച് 19, 20 തീയതികളിൽ നടക്കുന്ന സംസ്ഥാന സമ്മേളനത്തിൽ ജില്ലയിൽ നിന്നും കോവിഡ്മാനദണ്ഡങ്ങൾ പാലിച്ച് പങ്കെടുക്കേണ്ട അംഗങ്ങളുടെ അനുപാതം തീരുമാനിച്ചു. മാർച്ച് 9നു പതാകദിനമായി ആചരിക്കാൻ തീരുമാനിച്ചു.
6. സംസ്ഥാനസമ്മേളനത്തിൽ അവതരിപ്പിക്കുന്ന റിപ്പോർട്ടിനും, കണക്കിനും സംസ്ഥാന സമിതി അംഗീകാരം നൽകി.
7. അധ്യാപകരുടെ 2022-23 വർഷത്തെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നതിനായി ഇടപെടൽ നടത്തും.
8. അധ്യാപകരുടെ ഡി.എ കുടിശിക, ബി. ഒപ്ഷൻ വിഷയം എന്നിവയിൽ സജീവ ഇടപെടൽ നടത്തും.

യോഗം വൈകിട്ട് 5.00ന് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ,

തിരുവനന്തപുരം
27-02-2022

ഡോ. എം. സത്യൻ
ജനറൽ സെക്രട്ടറി